ഉത്തരം

(എ) പ്രത്യേക ഗവേഷണകേന്ദ്രമല്ലാത്തതിനാൽ ചെറിയ തോതിൽ മാത്രമേ ഗവേഷണം നടക്കുന്നുള്ളു.

(ബി) നാവിക കപ്പലുകളുടെ വേഗതയും യാത്രാദൂരവും നിർണ്ണയിക്കുന്ന ഇവക്ട്രോ മാഗ്നറ്റിക് ലോഗ് കെൽട്രോൺ സ്വന്തമായി വികസിപ്പിച്ചെടുത്തു. കൂടാതെ ഡ്യുവൽ ചാനൽ അണ്ടർ വാട്ടർ ടെലഫോൺ, സ്മാർട്ട് കാർഡ് അധിഷ്ഠിത അക്സസ് കൺട്രോൾ സിസ്റ്റം, 600 കെ. വി. എ. യു. പി. എസ്., ജി. പി. എസ്. ബേസ്ഡ് ക്ലോക്സ് എന്നിവയും കെൽട്രോൺ സ്വന്തമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(സി) ന്യൂക്ലിയർ പവർ കോർപ്പറേഷനുവേണ്ടി 600 കെ. വി. എ. യു. പി. എസ്. സംവിധാനം നിർമ്മിച്ചുനൽകാനുള്ള ഓഫർ കെൽട്രോണിന് ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അലൂമിനിയം ഇലക്ട്രോലൈറ്റിക് കപ്പാസിറ്റർ, മോട്ടോർ സ്റ്റാർട്ട് കപ്പാസിറ്റർ, മെറ്റലൈസ്ഡ് പ്ലാസ്റ്റിക് ഫിലിം കപ്പാസിറ്റർ, സിറാമിക് ഡിസ്ക് കപ്പാസിറ്റർ, കാർബൺ/ മെറ്റൽ ഫിലിം റെസിസ്റ്റർ, പീസോ ഇലക്ട്രിക് ക്വാർട്സ് ക്രിസ്റ്റൽ, എൻ. റ്റി. സി. തെർമിസ്റ്റേഴ്സ്, പവർ ഡയോഡ്സ്, പ്രിന്റഡ് സർക്യൂട്ട് ബോർഡ്സ്, കമ്പ്യൂട്ടർ, കമ്പ്യൂട്ടേഴ്സ് അറ്റൻഡൻസ് ഡേറ്റാ മാനേജ്മെന്റ് സിസ്റ്റം, ഡിജിറ്റൽ മാസ്റ്റർ സ്ലേവ് ക്ലോക്സ്, ന്യൂറാറ്റിക് ആക്ച്യുവേറ്റേഴ്സ്, മൈക്രോ പ്രോസസർ ബേസ്ഡ് ഡിജിറ്റൽ ഡിസ്ട്രിബ്യൂട്ടഡ് കൺട്രോൾ സിസ്റ്റം, ഇലക്ട്രോണിക് ട്രാൻസ്മിറ്റേഴ്സ്, ഇൻഡിക്കേറ്റിംഗ് കൺട്രോളർസ് ആന്റ് റെക്കോർഡേഴ്സ്, അനലോഗ് കൺട്രോൾ സിസ്റ്റംസ്, ഡേറ്റാ അക്യുസിഷൻ സിസ്റ്റംസ്, ഓൺലൈൻ ഗ്യാസ് ആന്റ് വാട്ടർ അനലൈസേഴ്സ്, അനൻസിയേഷൻ സിസ്റ്റംസ്, പ്രോഗ്രാമബിൾ ലോജിക് കൺട്രോളേഴ്സ്, സീക്വൻഷ്യൽ ഇവന്റ് റെക്കോർഡേഴ്സ്, ടാങ്ക് ലെവൽ ഗേജിംഗ് സിസ്റ്റംസ്, എസ്. സി. എ. ഡി. എ. സിസ്റ്റംസ്, ഇ. പി. കൺവെർട്ടേഴ്സ്, വാട്ടർ ആന്റ് എൻവയോൺമെന്റൽ മോണിറ്ററിംഗ് സിസ്റ്റംസ്, ന്യൂക്ലിയോണിക് ലെവൽ ഗേജസ്, യു. പി. എസ്., റക്ടിഫയേഴ്സ്, ബാറ്ററി ചാർജേഴ്സ്, ഹൈകപ്പാസിറ്റി റോൾട്ടേജ് സ്റ്റെബിലൈസേഴ്സ്, എ. സി. ആന്റ് ഡി. സി. ഡിസ്ട്രിബ്യൂഷൻ ബോർഡ്സ്, കാർബൺ/ മെറ്റൽ ഫിലിം റെസിസ്റ്റേഴ്സ്.

കണ്ണൂരിലെ കെൽട്രോൺ യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

20 [1225] ശ്രീ ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കെൽട്രോൺ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

(സി) കണ്ണൂർ കെൽട്രോൺ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ട്രേഡ് യൂണിയനുകൾ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനി ബാങ്കുകൾക്ക് നൽകാനുണ്ടായിരുന്ന 730 ലക്ഷം രൂപ സംസ്ഥാന വ്യവസായ പുനരുദ്ധാരണ ബോർഡിൽ നിന്നും വായ്പ എടുത്ത് ഒറ്റത്തവണ തീർപ്പാക്കൽവഴി അടച്ചുതീർത്തു.

(സി) കമ്പനിയെ പൊതുമേഖലയിൽ നിലനിർത്തി പുനരുദ്ധരിക്കുക, കമ്പനിയുടെ ദീർഘകാല ബാധ്യതകൾ ഒറ്റത്തവണയായി തീർപ്പാക്കുക, കെ. എസ്. ഇ. ഡി. സി. നൽകിയ ദീർഘകാല വായ്പകൾ ഓഹരിയാക്കുക, കെ. എസ്. ഇ. ഡി. സി.ക്ക് നൽകുന്ന വിൽപ്പന കമ്മീഷൻ 7.5 % നിന്നും 4 % ആക്കുക, കമ്പനിക്ക് ലഭിക്കാനുള്ള തുകകൾ കാലതാമസം കൂടാതെ സമാഹരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കെൽട്രോണിൽ ഉത്പാദിപ്പിക്കുന്ന പ്രതിരോധത്തിന് ഉപയുക്തമായ വസ്തുക്കൾ

21 [1226] ശ്രീ. എം. മുരളി :
" വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മേഴ്സി രവി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ പ്രതിരോധത്തിനുപയുക്തമായ എന്തെല്ലാം വസ്തുക്കൾ കെൽട്രോണിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) ഇവ ഡിഫൻസ് വകുപ്പിന് നൽകാറുണ്ടോ ;

(സി) ഈ വർഷം ഇതുവരെ എന്തെല്ലാം ഉൽപ്പന്നങ്ങൾ കെൽട്രോൺ ഡിഫൻസ് വകുപ്പിന് നൽകി ;

(ഡി) പ്രസ്തുത ഇനത്തിൽ കെൽട്രോണിന് എത്ര തുക ഇതുവരെ കിട്ടി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly